

''അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടാൻ നമുക്ക് കഴിയില്ലെന്ന് മനുഷ്യൻ കരുതുന്നുണ്ടോ? നാമാകട്ടെ, അവന്റെ വിരൽക്കൊടികളെ പോലും കൃത്യമായി നിർമിക്കാൻ കഴിവുള്ളവനായിരിക്കെ?''

(ഖുർആൻ 75: 3-4)

## വിരൽത്തുമ്പുകൾ

ശാരീരികമായി മനുഷ്യർ മൊത്തത്തിൽ പരസ്പരം സാദൃശ്യമുള്ളവരാകുന്നു. അവയവങ്ങൾ മാത്രമല്ല മുഖഛായയിൽ പോലും ഈ സാദൃശ്യം കണ്ടേക്കാം. ഓരലഗ്രത്തിന്റെ ആകൃതിയുടെ കാര്യത്തിൽ പലരും സാമ്യതയുള്ളവരാകാം. എന്നാൽ ഇതിൽനിന്ന് ഭിന്നമാണ് വിരവിരലടയാളം. അക്കാര്യത്തിൽ മനുഷ്യർ തീർത്തും ഭിന്നരാകുന്നു. ലോകത്ത് എത്ര കോടി ജനങ്ങളുണ്ടോ എത്ര കോടി മൺമറഞ്ഞുവോ എത്ര കോടി ജനിക്കാനിരിക്കുന്നുവോ വിരലടയാളം അത്രയും ഭിന്നങ്ങളായിരിക്കും. അത്രയും വിരൽതുമ്പുകളും വ്യതിരിക്തമായി ഉണ്ടായിരിക്കും. ഇത് ദൈവത്തിന്റെ സൃഷ്ടിവൈഭവം.

വിരലിന്റെ അറ്റത്തുള്ള ചർമത്തിനു മുകളിൽ കാണുന്ന രേഖകളെയാണ് വിരലടയാളം എന്നു പറയുന്നത്. അധിചർമപാളിയിലെ സൂക്ഷ്മമായ മടക്കുകളാണിവ. പിടിത്തം സുഗമമാക്കുകയെന്നതാണ് ഈ രേഖയിലെ യുക്തി.

പ്രധാനമായും കുരുക്ക്, കമാനം, വലയം എന്നീ ആകൃതികളിലാണ് മൊത്തത്തിൽ ഇവ കാണപ്പെടുന്നത്.

വിരൽ അഗ്രങ്ങളുടെ കാര്യത്തിൽ ഓരോരുത്തനും മറ്റൊരുവനിൽനിന്ന് വ്യത്യസ്തനാണെന്ന് കണ്ടെത്തിയതോടെ ശാസ്ത്രലോകം അതുസംബന്ധമായ പഠനം ആരംഭിച്ചു. 1858ൽ വിരടയാളം വ്യക്തിഗത അടയാളത്തിന് ഉപയോഗിക്കാമെന്ന് ശാസ്ത്രം കണ്ടെത്തി. 1877ൽ ആദ്യമായി വിരടയാളത്തിന്റെ പ്രിന്റെടുത്തു. എന്നാൽ 1892ൽ മാത്രമാണ് വിരടയാളം വ്യക്തിയോടൊപ്പം കാലാകാലവും ഒട്ടും മാറ്റമില്ലാതെ നിലനിൽക്കുമെന്ന് ശാസ്ത്രം കണ്ടെത്തിയത്. ഈജിപ്റ്റിലെ മമ്മിയിൽ നടത്തിയ പരീക്ഷണമാണ് ഈ വസ്തുത ശാസ്ത്രലോകത്തെ ബോധ്യപ്പെടുത്തിയത്.

ഭ്രൂണം 3 മാസം പ്രായമാകുമ്പോൾ തന്നെ വിരൽ രൂപപ്പെടുകയും അതിൽ രേഖകൾ ഉണ്ടാകുകയും ചെയ്യും. അത് പിന്നീടൊരിക്കലും മാറുകയില്ല. പ്രസ്തുത അടയാളം ചർമത്തോടും മാംസത്തോടും ചേർന്നുനിൽക്കുന്നവയാണ്. ഈ രേഖ മറ്റൊരാളുടേതുമായി ഒരിക്കലും ചേരുകയില്ല. മുറിവോ, തീപൊള്ളലോ മറ്റോ ഈ രേഖകളെ മാറ്റുകയില്ല. ഇതിലേക്ക് വെളിച്ചം വീശുന്നതാണ് ചിക്കാഗോയിൽ നടന്ന പരീക്ഷണം. ഏതാനും ആളുകളുടെ കൈവിരലിലെ ചർമം നീക്കിക്കളയുകയും അവരുടെ ശരീരത്തിലെ തന്നെ മറ്റു ഭാഗത്തിൽ നിന്നെടുത്ത ചർമം അവിടെ വെച്ചുപിടിപ്പിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ചർമത്തിനു മുകളിലും ആദ്യമുണ്ടായിരുന്ന വിരലടയാളം തന്നെ വളർന്നുവന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ശാസ്ത്രലോകവും കുറ്റാന്വേഷണമേഖലയുമൊക്കെ വിരലടയാളം വ്യക്തിയെ തിരിച്ചറിയുന്നതിനുള്ള അടയാളമായി സ്വീകരിച്ചുപോന്നത്.

400 വർഷങ്ങൾക്ക് മുമ്പ് ഖുർആൻ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത ഈ വസ്തുത 1823ൽ മാത്രമാണ് ശാസ്ത്രത്തിന് മനസ്സിലാക്കാനായത്. ദൈവികജ്ഞാനത്തിനു മുമ്പിൽ എത്ര നിസ്സഹായമാണ് മനുഷ്യബുദ്ധി. ഒരാൾ മരിച്ചു മണ്ണടിഞ്ഞ ശേഷം

ഇത്രയും സൂക്ഷമമായ അവന്റെ വിരലട യാളംപുന രുഥാനദിനം വീണ്ടും പൂർവ

സ്ഥിതിയിൽ സൃഷ്ടിക്കാൻ ശക്തനായ ഏക ദൈവം എത്ര വിശുദ്ധൻ.

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com